# 11

# “ഐക്യത കാത്ത് വിളിച്ച വിളിക്കു യോഗ്യമായി നടപ്പിൻ”

## (4:1- 3)

എഫെസ്യർക്ക് എഴുതിയ ലേഖനത്തിന്റെ രണ്ടാം ഭാഗം (അദ്ധ്യാ. 4-6) സഭാ ജീവിതത്തിന് ആവശ്യമായ പ്രായോഗിക പരിശീലനം നൽകുകയാണ്. മഹത്വകരമായ സഭയ്ക്ക് ദൈവത്തോടുള്ള ബന്ധത്തിന്റെ ഉദ്ദേശത്തെ പ ൗലൊസ് ഇവിടെ പറയുന്നത് മുൻപ് പഠിപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് (അദ്ധ്യാ. 1-3). ഇവിടെ നൽകിയ പ്രായോഗിക പരിശീലനത്തെ നാലായി തിരിക്കാം, ഒരോന്നിലും ആജ്ഞാസ്വഭാവത്തിൽ “നടപ്പിൻ,”[1] എന്നു പറഞ്ഞിരിക്കുന്നു. ആ നിർദ്ദേശങ്ങൾ, സഭാജീവിതത്തിൽ പാലിക്കുമ്പോൾ, 3:14-21 ലെ പ്രാർത്ഥനക്ക് മറുപടി ലഭിക്കുന്നു.

അദ്ധ്യായം 4-ൽ, പൗലൊസ് എഫേസ്യരോട് അപേക്ഷിച്ചതിൽ “സഭയെ വിളിച്ച വിളിക്ക് യോഗ്യമായി നടക്കുവാനായിരുന്നു” (4:1). പിന്നെ അത് നേടിയെടുക്കുവാനുള്ള രണ്ട് മാർഗ്ഗങ്ങളും നിർദ്ദേശിച്ചു: ഐകമത്യപ്പെട്ട് (4:2-16). ആത്മാവിൽ മനസു പുതുക്കി (4:17-32).

### വിളിച്ച വിളിക്ക് യോഗ്യമായി ജീവിക്കൽ (4:1)

**[1]യജമാനന്മാരേ, നിങ്ങൾക്കും സ്വർഗ്ഗത്തിൽ യജമാനൻ ഉണ്ട് എന്നറിഞ്ഞു ദാസന്മാരോടു നീതിയും ന്യായവും ആചരിപ്പിൻ.**

**വാക്യം** 1. ലേഖനത്തിൽ പൗലൊസ് മുൻപ് പറഞ്ഞതു നിമിത്തം എന്നു സൂചിപ്പിക്കുന്നതാണ് **ആകയാൽ** എന്ന പ്രയോഗം. അവൻ തന്നെ കുറിച്ച് **കർത്താവിന്റെ ബദ്ധൻ** എന്നു പറയുവാൻ കാരണം, ഈ ലേഖനം എഴുതുന്ന സമയത്ത്, അവൻ റോമിൽ തടവിലായിരുന്നു. തന്റെ അപേക്ഷക്ക് കൂടുതൽ ശക്തി പകരുന്നതാണ് തന്റെ ദൗത്യം അവനെ തടവിലേക്ക് നയിച്ചു എന്ന വസ്തുത.

പൗലൊസിന്റെ മറ്റു ചില ലേഖനങ്ങളിലെന്ന പോലെ, **അപേക്ഷിക്കുക** (*പാരാകലെയോ*), അല്ലെങ്കിൽ “യാചിക്കുക” (എൻഐവി), എന്നുപയോഗിച്ചിരിക്കുന്നത് ഉപദേശഭാഗം മാറ്റി പ്രായോഗിക പരിശീലനത്തിലേക്ക് തിരിയുന്നു എന്നാണ് (റോമർ 12:1; ഫിലി. 4:2; 1 തെസ്സ. 4:1, 10). പുതിയ നിയമത്തിൽ ഈ ക്രിയക്ക് മുഖ്യമായി മൂന്ന് ഉപയോഗങ്ങളാണുള്ളത്: (1) “സഹായം ചോദിക്കുക, യാചിക്കുക, അപേക്ഷിക്കുക”; (2) “ആശ്വസിപ്പിക്കുക’ ”; (3) അല്ലെങ്കിൽ വാക്യം 1 ലേതുപോലെ “പ്രബോധിപ്പിക്കുക”[2] പൗലൊസ് ഈ വാക്ക് തന്റെ അപ്പൊസ്തലിക അധികാരത്തിനായി ഉപയോഗിച്ചത് അല്ല. എന്നാൽ ക്രിസ്തുവിനു വേണ്ടി താൻ അനുഭവിച്ച കഷ്ടം നിമിത്തവും വായനക്കാരോടുള്ള സൗഹൃദം നിമിത്തവുമാണ്. “ആകയാൽ” എന്ന വാക്കിനോടുകൂടെ

"അപേക്ഷിക്കുന്നു" എന്ന് ഉപയോഗിച്ചതിനാൽ, പൗലൊസ് നീതിപൂർവ്വമായിട്ടാണ് എഫെസ്യരോട് ദൈവം ചെയ്തതെല്ലാം ഓർപ്പിച്ച് ലേഖനത്തിന്റെ ആദ്യപകുതിയിൽ രേഖപ്പെടുത്തിയത്.

ജാതികളോടുള്ള പൗലൊസിന്റെ പ്രബോധനം-ആദ്യത്തെ **നടപ്പിൻ** എന്ന ഉപയോഗം-4:1-ൽ കാണാം. "നടപ്പിൻ" ("ജീവിപ്പിൻ"; എൻഐവി) എന്ന് തർജിമ ചെയ്തിരിക്കുന്നത് *പെരിപാറ്റെയോ* ആണ്, LXXൽ, ഈ ക്രിയ എബ്രായ ഭാഷയിൽ തർജിമ ചെയ്തിരിക്കുന്നത് *ഹാലാക്* എന്നാണ്, അർത്ഥം "നൈതികമായ സ്വഭാവം, അല്ലെങ്കിൽ ജീവിത രീതി."[3] [തങ്ങളെ] **വിളിച്ച വിളിക്കു യോഗ്യമായി** ജീവിതം നയിക്കുവാനായിരുന്നു പൗലൊസ് എഫെസ്യരെ പ്രബോധിപ്പിച്ചത്.

"യോഗ്യമായി" എന്നത് തർജിമ ചെയ്തിരിക്കുന്നത് *ആക്സിയോസ്* എന്ന വാക്കാണ്, അർത്ഥം, "യോജിച്ച, ആയിത്തീരുന്ന രീതിയിൽ, *പറഞ്ഞ സാധനത്തോട്* തുല്യ വിലയുള്ള രീതി."[4] കൊലൊസ്യർക്ക് എഴുതുമ്പോൾ, പൗലൊസ്, മറ്റൊരു ഭാഗത്ത് യോഗ്യമായ ജീവിതത്തെ കുറിച്ചു പറഞ്ഞിട്ടുണ്ട്. ഫിലിപ്പിയർ 1:27-ൽ, അവൻ എഴുതി, "ക്രിസ്തുവിന്റെ സുവിശേഷത്തിനായി പോരാട്ടം കഴിക്കുന്നു" (കൊലൊ. 1:10; 1 തെസ്സ. 2:12 നോക്കുക). സുവിശേഷ പ്രസംഗത്താലാണ് ആളുകളെ ദൈവം വിളിക്കുന്നത് (2 തെസ്സ. 2:14); അവർ സുവിശേഷത്തോട് പ്രതികരിക്കുമ്പോഴാണ്, അവരെ "വിളിച്ചു" എന്നു പറയുന്നത് (റോമർ 1:6).

സുവിശേഷം ആളുകളിൽ എത്തിച്ച് കഴിഞ്ഞ കാലത്ത് ദൈവം ആരംഭിച്ച പദ്ധതിപ്രകാരമാണ് **നിങ്ങളെ വിളിച്ചിരിക്കുന്നു** എന്ന് പറഞ്ഞിരിക്കുന്നത്, അപ്പോഴാണ് അവർ ക്രിസ്ത്യാനികളാകുന്നത്. ഇത് എഴുതിയ സമയത്ത് അവർ പഠിച്ചതനുസരിച്ച് ക്രിസ്തുവിൽ ജീവിക്കേണ്ടിയിരുന്നു. ദൈവം ആരംഭിച്ചതും മനുഷ്യന്റെ പ്രതികരണവും തമ്മിൽ യോജിച്ചുപോകണം. ഒരാൾ ക്രിസ്തുവിലാകുന്നതിന്റെ നേട്ടങ്ങൾ സ്വീകരിക്കുമ്പോൾ, ദൈവം വിളിക്കുമ്പോഴുള്ള ഉത്തരവാദിത്തത്തെയും അയാൾ സ്വീകരിക്കണം.

പൗലൊസിന്റെ യാചന തിരഞ്ഞെടുക്കാവുന്നതായിരുന്നില്ല, എന്നാൽ അതിന്റെ ഫലം എന്നു പറയുന്നത്, ക്രിസ്തുവിലാകുന്നയാൾ അവന്റെ ശരീരമായ സഭയുടെ ഭാഗമായി തീരുകയാണ്. ക്രിസ്തുവിൽ യോജിച്ചുകൊണ്ടാണ് പറഞ്ഞ യോഗ്യമായ നടപ്പ് (4:2-16), ആ ഐക്യതക്ക് ശരിയായ മനോഭാവം എത്ര ആവശ്യമാണെന്ന് അവൻ ആദ്യം പറഞ്ഞിരുന്നു.

## തന്നോടു തന്നെയുള്ള മനോഭാവം
## (4:2)

**[2]പൂർണ്ണവിനയത്തോടും സൗമ്യതയോടും കൂടെ.**

**വാക്യം 2. വിനയം** എന്നത് തർജിമ ചെയ്തിരിക്കുന്നത് *ടാപെയിനോഫ്രോസുനേ*, തന്നോടു തന്നെയുള്ള മനോഭാവത്തെ നിർവ്വചിച്ചിരിക്കുന്നത്, "മനസിന്റെ എളിമത്വം."[5] ഗ്രീക്ക്-റോമാ ലോകത്ത്, ആ വാക്ക് ഉപയോഗിച്ചിരുന്നത് നിഷേധമായി ദാസ്യമനോഭാവത്തിനായിരുന്നു.[6] യെഹൂദ ചിന്തയിൽ, എങ്ങനെയായാലും, ദൈവസന്നിധിയിൽ ഉയർത്തപ്പെടുന്നത് "താഴ്മയുള്ളവരാണ്." പുതിയ നിയമത്തിൽ, വിനയം അഹങ്കാരത്തിന് എതിരായിട്ടാണ് പറഞ്ഞിരിക്കു

ന്നത് (1 പത്രൊ. 5:5 നോക്കുക) വിശ്വാസ സമൂഹത്തിൽ ആ സ്വഭാവത്തിന് വലിയ പ്രാധാന്യവുമുണ്ട്. ഫിലിപ്പിയർ 2:3 പറയുന്നു, “ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ, താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നേക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊൾവിൻ.” ക്രിസ്തു ലോകത്തിലേക്ക് വന്നതും എല്ലാവർക്കുമായി മരിച്ചതുമായിരുന്നു അവസാനത്തെ താഴ്മ (ഫിലി. 2:5-8).

ഐക്യതയുടെ ശത്രുവാണ് അഹങ്കാരം. മുൻഗണനയിലും, അഭിപ്രായത്തിൽ പോലും അഹംഭാവം അതിന്റെ വഴിക്ക് തന്നെ നീങ്ങും. ദൈവം “നിഗളികളോട് എതിർത്തു നിൽക്കും” (യാക്കൊ. 4:6), ഒരു മനുഷ്യൻ “ഭാവിക്കേണ്ടതിന്നു മീതെ ഭാവിച്ച് ഉയരാതിരുന്നാൽ” (റോമർ 12:3), ആവശ്യമായ ഒരു പടി എടുത്തിരിക്കുന്നു എന്നു പറയാം. ഐക്യതക്ക് ആദ്യം ആവശ്യമായിരിക്കുന്നത് ഒരാൾക്ക് തന്നോടു തന്നെയുള്ള മനോഭാവമാണ്.

## മറ്റുള്ളവരോട് ശരിയായ മനോഭാവം (4:2)

**2സൗമ്യതയോടും ദീർഘക്ഷമയോടും കൂടെ നടക്കയും സ്നേഹത്തിൽ അന്യോന്യം പൊറുക്കയും ചെയ്വിൻ.**

**വാക്യം 2. സൗമ്യത** തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് നാമം *പ്രൗറ്റേസ്* ആണ്, അതിൽ അടങ്ങിയിരിക്കുന്ന ഗുണമാണ് “മര്യാദ, പരിഗണന, വ്യക്തിപരമായ ലാഭമോ, ബഹുമതിയോ ആഗ്രഹിക്കാതെ സ്വന്തം അവകാശങ്ങളെ ഉപേക്ഷിക്കൽ.”[7] ഇത് ക്രിസ്തുവിന്റെ ഒരു സ്വഭാവം ആയിരുന്നു (2 കൊ. 10:1), അത് ആത്മാക്കളുടെ ഫലങ്ങളിൽ പെട്ടതുമാകുന്നു (ഗലാ. 5:23). കൊരിന്ത്യരെ പല ബാധകളും ബാധിച്ചപ്പോൾ അവയെ പൗലൊസ് കൈകാര്യം ചെയ്തതും ആ സ്വഭാവത്താലായിരുന്നു (1 കൊ. 4:21), ആ സ്വഭാവമാണ് യുവ ഉപദേഷ്ടാവായിരുന്ന തിമൊഥെയൊസിന് അവൻ ഏൽപിച്ചു കൊടുത്തത് (2 തിമൊ. 2:24, 25).

**ക്ഷമ** തർജിമ ചെയ്തിരിക്കുന്ന വാക്ക് (*മക്രോത്തുമിയാ*); എന്നാൽ മറ്റു പല പുതിയനിയമ വേദഭാഗങ്ങളിലും, “ദീർഘക്ഷമ” തർജിമ ചെയ്തിരിക്കുന്നത് (*ഹുപോമോനേ*) ആണ്. ഈ വാക്യത്തിൽ എൻകെജെവി പറയുന്നത് *മക്രോഹുമിയ* ആണ് “ദീർഘക്ഷമ” എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. ആ രണ്ട് വാക്കുകളുടേയും അന്തരം റിച്ചാർഡ് സി. ട്രെഞ്ച് കൊടുത്തിരിക്കുന്നു:

> *മക്രോത്തുമിയ* [ദീർഘക്ഷമ] ഉപയോഗിച്ചിരിക്കുന്നത് വ്യക്തികളെ ബഹുമാനിച്ച് ക്ഷമ പ്രകടിപ്പിക്കുന്നതിനാണ്, *ഹൂപോമോനേ* ഉപയോഗിച്ചിരിക്കുന്നത് വസ്തുക്കളോടുള്ള ആദരവ് പ്രകടിപ്പിക്കുന്നതാണ്. [ദീർഘക്ഷമയുള്ള ആൾ] മുറിവേറ്റവരോടുള്ള ബന്ധത്തിൽ അവർക്ക് വേദനയോ ബുദ്ധിമുട്ടോ ഏൽക്കാതെ പ്രകോപിപ്പിക്കാതിരിക്കുക. [2 തിമൊ. 4:2] ക്ഷമയുള്ളയാൾ, പരീക്ഷണങ്ങൾ അതിജീവിച്ച്, അധൈര്യപ്പെടാതെ, പൊറുക്കുവാനും സഹിക്കുവാനും കഴിയുന്നയാളാണ്.[8]

*മക്രോത്തുമിയ* ആളുകളോട് ക്ഷമ കാണിക്കുവാനും ദിർഘക്ഷമ കാണി

ക്കുവാനും ഉപയോഗിച്ചിരിക്കുന്നു.[9] പൗലൊസ് ഇവിടെ മനുഷ്യബന്ധങ്ങളെ കുറിച്ചു പറയുന്നതിനാൽ, അവൻ ഇവിടെ രണ്ടാമത് പറഞ്ഞ അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. എഫെസ്യ സഭയിൽ ഐക്യത നിലനിൽക്കുവാൻ അവർക്കിടയിലുള്ള അഭിപ്രായ വ്യത്യാസങ്ങളും തെറ്റുകളും അന്യോന്യം ക്ഷമിക്കേണ്ടത് അനിവാര്യമായിരുന്നു.

പൗലൊസ് ക്ഷമയെ കുറിച്ച് വിപുലപ്പെടുത്തുന്നതാണ് **സ്നേഹത്തിൽ അന്യോന്യം സഹിക്കുകയും പൊറുക്കുകയും** ചെയ്യുക എന്നത്. "സഹിഷ്ണുത കാണിക്കുക" എന്നതിനർത്ഥം ആളുകൾക്കിടയിലെ അഭിപ്രായവ്യത്യാസങ്ങൾ പൊറുക്കുകയും തെറ്റുകൾ ക്ഷമിക്കുകയും ചെയ്യുന്നതാണ്. സഭയെ മനസിൽ വലിയ ചിത്രമായി സൂക്ഷിക്കുമ്പോൾ, മനുഷ്യബലഹീനതകളെ അംഗീകരിക്കുകയും തെറ്റുകൾ ക്ഷമിക്കുകയും വേണം എന്നതാണ് സഭയെ സംബന്ധിച്ച പൗലൊസിന്റെ വീക്ഷണം. അവർ "സ്നേഹിക്കേണ്ടത്" സൗമ്യതയോടും താഴ്മയോടും കൂടെ ആകണം-മറ്റുള്ളവരെ ബഹുമാനിക്കയും, അവർക്ക് നന്മ ചെയ്യുകയും, ദൈവത്തിന്റെ ഉദ്ദേശം നിറവേറ്റുവാൻ അവരെ പ്രോൽസാഹിപ്പിക്കയും വേണം. സ്നേഹമില്ലാതെ, ക്രിസ്തീയ ഐക്യത സാധ്യമല്ല.

## ഐക്യത കാത്തുകൊള്ളൽ (4:3)

**[3]ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്‌വിൻ.**

**വാക്യം 3.** ഐക്യതയുടെ സാഹചര്യം ബോധ്യമാക്കിയിട്ട്, സഭയുടെ ഐക്യതക്ക് യോഗ്യമായ നടപ്പ് ആവശ്യമാണെന്ന് അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നു. ആ ക്രിസ്ത്യാനികൾ **പരിശ്രമിക്കേണ്ടിയി**രുന്നു (*സ്പൗഡോസ്*). സഭയിൽ **ആത്മാവിന്റെ ഐക്യത** കൈവരിക്കുവാൻ ഒരു ശ്രമവും ആവശ്യമില്ല എന്നു ധരിക്കരുത്. യേശുവാണ് "നമ്മുടെ സമാധാനം" (2:14). ഏകശരീരത്തിൽ നിരപ്പ് പ്രാപിച്ച യെഹൂദന്മാരും ജാതികളും അന്യോന്യവും, ദൈവത്തോടും സമാധാനം ആചരിക്കണം (2:16). **സമാധാന ബന്ധത്തിൽ** (*സുൻഡെസ്മേസ്*) ഐക്യത കാപ്പാൻ ശരീരത്തിലെ എല്ലാ അവയവങ്ങളും ശ്രമിക്കണം, അവരെ ആ ശരീരത്തിലാണ് ആദ്യം കൂട്ടിച്ചേർത്തത്.

സമാധാനത്തിലും ഐക്യതയിലും ഉള്ള ക്രിസ്ത്യാനികളാണ് സഭയെ ഐക്യതയിൽ കാത്തു സൂക്ഷിക്കേണ്ടത്. ആ ഐക്യത സൂക്ഷിക്കുക മാത്രമല്ല, അത് നാം അന്യോന്യം താഴ്മയിലും, സൗമ്യതയിലും, ക്ഷമയിലും, സഹിഷ്ണുതയിലും ഇടപെട്ട് നിലനിർത്തണം. സഭ ഐക്യതയിലാകുന്നതിനുള്ള ഏഴ് സത്യങ്ങൾ, അഥവാ "ഒന്ന്" എന്നുള്ളത് പൗലൊസ് നൽകിയിരിക്കുന്നു (4:4-6).

## പ്രായോഗികത

### യോഗ്യമായ നടപ്പിനു വേണ്ട അഞ്ചു ഗുണങ്ങൾ (4:2, 3)

യോഗ്യമായി നടക്കുവാനുള്ള വെല്ലുവിളി എഫെസ്യർക്ക് നൽകിയശേഷം, അത്തരം നടപ്പിനുള്ള അഞ്ചു സ്വഭാവങ്ങൾ പൗലൊസ് നൽകിയിരി

ക്കുന്നു (4:2, 3). ഈ ഗുണങ്ങൾ ഇല്ലാത്ത ഒരാൾ പൗലൊസിന്റെ ലേഖനങ്ങളിലെ മറ്റു നിർദ്ദേശങ്ങളോട് മൽസരിക്കുന്നവനായിരിക്കും. ഈ ഗുണങ്ങൾ എവിടെയാണുള്ളത്, എങ്ങനെയായാലും, ക്രിസ്തീയ പെരുമാറ്റം ദൈവിക വിളിക്കനുസരിച്ചായിരിക്കും.

*വിനയം* (4:2). നാം പൂർണ്ണവിനയം ഉള്ളവരായിരിക്കണം. നമ്മെ താഴ്ത്തി ചിന്തിക്കുക എന്നതല്ല വിനയം; അത് നമ്മെ കുറിച്ച് ചിന്തിക്കുന്നതേയല്ല. എങ്ങനെയായാലും, നമ്മെ വിളിച്ചതിന് നമ്മുടേതായ ഒരു സംഭാവനയുമില്ല. നാം ആത്മിയമായി എന്തെങ്കിലും ആയിട്ടുണ്ടെങ്കിൽ, അത് ദൈവകൃപയാൽ മാത്രമാണ്. ആകയാൽ അഹംഭാവത്തിനു സ്ഥാനം ഒന്നുമില്ല.

ഗ്രീക്കുകാരും റോമാക്കാരും ഒരേപോലെ അന്വേഷിക്കേണ്ട ഗുണമായിരുന്നു താഴ്മ. "താഴ്മ" എന്ന വാക്ക് പറയുന്നത് സ്വഭാവത്തിന്റെ അടിസ്ഥാനമായിട്ടാണ്; അത് സ്വയം താഴ്ത്തുന്ന ഒരു ഗുണമാണ്. പുതിയനിയമത്തിനു പുറത്ത് ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത് ബലഹീനനും ഭീരുവുമായ ഒരാളെ വില കുറക്കുന്ന രീതിയിലാണ്.

ക്രിസ്ത്യാനി ആ നാണയത്തിന് ഒരു പുതിയ ആശയവും പുതിയ വാക്കും നൽകുകയാണ്. നമ്മെ അന്യായമായി മുതലെടുക്കുവാൻ അനുവദിക്കുന്ന ഒന്നല്ല ബൈബിൾ താഴ്മ, അത് നമ്മുടെ ധൈര്യം ചോർത്തി കളയുന്നതുമല്ല. നമ്മുടെ ജീവിതത്തെ നാം ദൈവസന്നിധിയിൽ വെച്ച്, നമ്മുടെ ജീവിതത്തിന് അവന്റെ നിർദ്ദേശം സ്വീകരിക്കുന്നതാണ് വാസ്തവത്തിലുള്ള താഴ്മ, കാരണം അവന്റെ സഹായം കൂടാതെ നമ്മുടെ അന്തിമസ്ഥാനത്തേക്കുള്ള യാത്ര വിഫലമായി തീരും.

താഴ്മയുള്ളവരാകുക എന്നാൽ നമ്മുടെ മനസും ഹൃദയവും യേശുവിൽ കേന്ദ്രീകരിക്കുക എന്നാണ്. നാം പിന്നെ ഒരിക്കലും നമ്മുടെ ജീവിതത്തിന്റെ ദിശ നിർണ്ണയിക്കുകയില്ല. മറിച്ച് നാം അവന്റെ നിർദ്ദേശം ആയിരിക്കും സ്വീകരിക്കുക. സിംഹാസനത്തിൽ സ്വാർത്ഥതക്ക് സ്ഥാനമില്ല; അവിടെ യേശുവാണ്.

*സൗമ്യത* (4:2). താഴ്മയെ പിന്താങ്ങേണ്ടത് സൗമ്യതകൊണ്ടാണ്. എന്താണ് സൗമ്യത? അത് ഭീരുത്വമല്ല. "മനോഭാവത്തിന്റേയും ധൈര്യത്തിന്റേയും കുറവാണ്" "സൗമ്യത" എന്ന് ചിലർ കരുതുന്നു, എന്നാൽ അതല്ല ബൈബിൾ സൗമ്യത.

ശക്തിക്കുറവല്ല സൗമ്യത. കഴിവുകളില്ലാത്ത വഴുവഴുപ്പുള്ള വ്യക്തിത്വമല്ല അത്. വരുന്ന എല്ലാവരുമായി യോജിക്കുന്ന തീർച്ചയില്ലാത്ത വ്യക്തിത്വവുമല്ല അത്. "ശക്തി നിയന്ത്രണവിധേയമാക്കുന്നതാണ്" ബൈബിൾ സൗമ്യത.

"വന്യ മൃഗത്തെ വളർത്തുമൃഗമാക്കുന്ന" അർത്ഥമാണ് പൗലൊസ് ആരംഭത്തിൽ ഉപയോഗിച്ച വാക്ക് നൽകുന്നത്. ഒരു അറേബ്യൻ വിത്തു കുതിരയെ മനസിൽ വിചാരിക്കുക. ചിലർ അതിനെ കയറുപയോഗിച്ച് തൊഴുത്തിലാക്കി മെരുക്കുവാൻ ശ്രമിക്കും. ആദ്യം ആ മൃഗത്തിന്റെ മുകളിൽ ഭാരം ഒന്നും കയറ്റിയിരുന്നില്ല; അതിന്റെ വായും തലയുമായി ബന്ധിപ്പിച്ച് കടിഞ്ഞാണും ഇട്ടിരുന്നില്ല. ആ വലിയ കുതിരയെ മെരുക്കി ഉപയോഗിക്കുവാനാവശ്യമായതെന്തെല്ലാമാണ് ആ മനുഷ്യർ ചെയ്തിരുന്നത്? അവർ അതിനെ "ഉടച്ചുവാർക്കും." അതായത് പല ശിക്ഷണനടപടികൾക്ക് വിധേയമാക്കി വായിലും തലയിലും കടിഞ്ഞാണിടുവാനും, മുകളിൽ ഭാരം കയറ്റുവാനും പറ്റിയ വിധത്തിൽ രൂപപ്പെടുത്തും. അപ്പോഴും മൃഗത്തിന്റെ ശക്തിയും, ബലവും, വീര്യവും അതിൽ തന്നെയുണ്ട്, അവസാനം ആ ശക്തിയുള്ള ഉയർന്ന-ഭാവമുള്ള ജന്തു നിയ

ന്ത്രണവിധേയമാകുന്നു. ഇപ്പോൾ അതിന്റെ ശക്തിയും, ബലവും, ഊർജ്ജവുമെല്ലാം മറ്റൊരാളുടെ നിയന്ത്രണത്തിലായി. അവനെ സവാരിക്കായി ഉപയോഗിക്കുന്നവന്റെ കൽപനകൾ അനുസരിക്കുവാൻ കുതിര ഇപ്പോൾ സജ്ജമായി. ഗ്രീക്കുകാർ പറയുന്നതുപോലെ ഇപ്പോൾ അതിനെ "സൗമ്യമാക്കി."

ആത്മിയമായി പറഞ്ഞാൽ അതാണ് നമുക്ക് ഓരോരുത്തർക്കും സംഭവിച്ചത്. നാം ലോകത്തിലേക്ക് വന്നപ്പോൾ, സ്വയം-തൃപ്തിപ്പെടുത്തുന്ന അഭിലാഷങ്ങളും, വിശപ്പും ദാഹവും ഉള്ളവരായിരുന്നു. ഇപ്പോൾ, തികച്ചും വിനയമുള്ളവരായി, നമ്മുടെ എല്ലാം കർത്താവിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരണം. നമ്മുടെ ജീവിതത്തിൽ അങ്ങനെ സംഭവിക്കുമ്പോൾ, നമ്മുടെ പെരുമാറ്റം നമ്മെ സുവിശേഷത്താൽ വിളിച്ച പരമവിളിക്ക് യോഗ്യമായി തീരുന്നു.

*ക്ഷമ* (4:2). നമ്മെ വിളിച്ചതനുസരിച്ച് ജീവിക്കുകയാണെങ്കിൽ നമുക്ക് ക്ഷമ വേണം. "ക്ഷമ" എന്നതിന് പുരാതന ഗ്രീക്കുകാർക്ക് രണ്ട് വാക്കുകളാണ് ഉണ്ടായിരുന്നത്. ആളുകൾ സാഹചര്യത്തെ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതിനെ ആസ്പദമാക്കിയായിരുന്നു ഒന്ന്; മറ്റൊന്ന്, ആളുകൾ തമ്മിലുള്ള ബന്ധത്തെ ആസ്പദമാക്കിയുള്ളതായിരുന്നു. പൗലൊസ് ഉപയോഗിച്ചത് രണ്ടാമത്തെ അർത്ഥത്തിലായിരുന്നു.

നമ്മെ ഉപദ്രവിച്ചവരോട് പ്രതികാരം ചെയ്യാതിരിക്കുന്നതാണ് ക്ഷമിക്കുക എന്നു പറഞ്ഞാൽ. വാസ്തവത്തിൽ ക്ഷമയുള്ള വ്യക്തി പ്രതിരോധിക്കുന്നതുപോലും മന്ദഗതിയിലായിരിക്കും. പൗലൊസിന്റെ വാക്ക് അക്ഷരികമായി അർത്ഥമാക്കുന്നത് "നീണ്ട-സമചിത്തത" എന്നാണ്. നാം മറ്റുള്ളവരോട് പ്രകോപിതരാകരുത്.

യോഗ്യമായ രീതിയിൽ നടക്കുക എന്നാൽ പരിഹാസവും, വ്രണപ്പെടുത്തലും, ഉപദ്രവവും, അന്യായ പെരുമാറ്റവും, അപവാദവും, ദൂഷണവും, വിമർശനവും, പകയും, അസൂയയും ശരിയായതു ചെയ്യുമ്പോൾ സഹിക്കണം. ആളുകൾ അങ്ങനെ നമ്മോട് ചെയ്യുമ്പോൾ, നാം പിറുപിറുപ്പും, പരാതിയും കൂടാതെ പൊറുക്കണം.

അത് അന്യായമാണെന്ന് തോന്നുണ്ടോ? അപ്പോൾ ലോകത്തിൽ മറ്റുള്ളവരിൽനിന്നു നമ്മെ വ്യത്യസ്തരാക്കുന്നത് എന്താണ്? യേശു ആ വിധത്തിലാണ് ജീവിച്ചത്-അവൻ ജീവിച്ചത്-നമ്മെ വിളിച്ചിരിക്കുന്നത് ആ ഗുണം നമ്മിൽ ഉണ്ടാകുവാനാണ്.

*സഹിഷ്ണുത* (4:2). സ്നേഹത്തിൽ നാം അന്യോന്യം പൊറുക്കണം. ക്ഷമയിൽനിന്നു സഹിഷ്ണുത എങ്ങനെയാണ് വ്യത്യാസം ഉള്ളതാക്കുന്നത്. അത് ആന്തരിക ക്ഷമാ മനോഭാവത്തിന്റെ പ്രായോഗിക പ്രവർത്തിയാണ്. നാം മറ്റുള്ളവരെ സഹിക്കുമ്പോൾ, അവരുടെ തെറ്റുകളും പോരായ്മകളും കണ്ടില്ലെന്നു നടിക്കുകയല്ല. മറിച്ച് നാം പൂർണ്ണതയിൽ കുറവുള്ളവരാണെന്നതുപോലെ, മറ്റുള്ളവരും കുറവുള്ളവരാണെന്ന് നാം സമ്മതിക്കുകയാണ്. "ഞാൻ യാതൊരു മടിയും കൂടാതെ ആ മനുഷ്യനെ സഹിക്കുന്നു" എന്നു പറയുന്നതിനു പകരം, സ്നേഹത്തിൽ ആ വ്യക്തിയെ കരുതി, അയാളുടെ ക്ഷേമത്തെ കരുതി അവനെ ശുശ്രൂഷിക്കുകയാണ് വേണ്ടത്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, കർത്താവിന്റെ സഭയിൽ പക്വതയാർജിക്കേണ്ടയാൾ ബലഹീനതയും പരാജയവും നേരിടുന്ന വ്യക്തിയോട് ഒരു ക്രിസ്ത്യാനി സ്നേഹ മനോഭാവത്തോടുകൂടി ഇടപെടണം എന്നർത്ഥം.

*ഐക്യതക്കുള്ള വാഞ്ഛ* (4:3). കൂട്ടായ്മയിൽ ഐക്യതക്കുവേണ്ടിയുള്ള

ഒരു എരിവ് ഇല്ലെങ്കിൽ ദൈവ മുൻപാകെ യോഗ്യമായ നടപ്പ് അസാധ്യമാണ്. വെറുതെ നമുക്ക് ഒരു വലിയ ഐക്യതക്കായി ആഗ്രഹിക്കുവാൻ സാധ്യമല്ല; അന്യോന്യമുള്ള ബന്ധത്തിൽ അതിനായി നാം "ഉൽസാഹിക്കണം." പൗലൊസ് ഉപയോഗിച്ച "ശ്രമിപ്പിൻ" എന്നതിന് ഗ്രീക്കിൽ രണ്ട് വാക്കുകൾ സംയോജിപ്പിച്ചാണ് ഉപയോഗിച്ചിരിക്കുന്നത്. ഒന്നിന്റെ അർത്ഥം "വേഗത്തിലാക്കുക," മറ്റൊന്നിൽ എരിവോടെ ഉൽസാഹിക്കുക എന്നാണ്. അവന്റെ വാക്കുകൾ കൂട്ടിച്ചേർത്താൽ ഏകദേശം ഇതുപോലെ ആയിരിക്കും, "നമുക്ക് വേഗത്തിൽ ഐക്യത കൈവരിക്കുവാൻ ഉൽസാഹിക്കാം!"

ഐക്യത ഉണ്ടാക്കുക എന്നത്, നമ്മുടെ ജോലിയല്ല എന്നു ശ്രദ്ധിക്കുക. ക്രിസ്തു ക്രൂശിൽ ചിന്തിയ രക്തം മുഖാന്തരമാണ് ദൈവം അവനിൽ ഐക്യത സൃഷ്ടിച്ചത്. നാം ദൈവസന്നിധിയിൽ യോജിച്ചിരിക്കുകയാണ് കാരണം, അവൻ നമ്മെ ഏകശരീരത്തിലാക്കിയിരിക്കുന്നു. അന്യോന്യമുള്ള നമ്മുടെ ദിവസംതോറുമുള്ള നടപ്പ് ഐക്യത സമാധാന ബന്ധത്തിൽ നിലനിർത്തുവാനുള്ള ശ്രമത്തോടുകൂടിയതായിരിക്കണം. അന്യോന്യമുള്ള കൂട്ടായ്മ നിലനിർത്തുവാനായിരിക്കണം നമ്മുടെ ആത്മിയ പരിശ്രമങ്ങളെല്ലാം. മറ്റുള്ളവരോട് നാം ചെയ്യുന്ന പാപങ്ങൾ ഏറ്റു പറയണം; പ്രതികാരം വീട്ടാതിരിക്കുവാനായിരിക്കണം നാം ശ്രമിക്കേണ്ടത്; ചോദിക്കുന്നതിനു മുൻപ് നാം പാപക്ഷമ നൽകണം. വിച്ഛേദിക്കപ്പെട്ട ബന്ധത്തെ യഥാസ്ഥാനപ്പെടുത്തുന്നത് ദൈവിക സ്വഭാവമല്ലേ? ദൈവം നമ്മെ വിളിച്ച വിളിക്ക് യോഗ്യമായി നടന്നാൽ, അത് നാം ഐക്യത സമാധാന ബന്ധത്തിൽ കാപ്പാൻ എത്രമാത്രം ശ്രമിക്കും!

ക്രിസ് ബുള്ളാർഡ്

---

കുറിപ്പുകൾ

[1]പ്രത്യേക പ്രബോധനമായി "നടപ്പിൻ" എന്നു പറഞ്ഞിരിക്കുന്ന വാക്യങ്ങളാണ് 4:1; 5:2, 8, 15. ആ നാല് നടപ്പിനെ തരം തിരിച്ചിരിക്കുന്ന വാക്യങ്ങളാണ് 4:1–32; 5:1–6; 5:7–14; 5:15–6:20. [2]ആൻഡ്ര്യു ടി. ലിങ്കൺ, *എഫെഷ്യൻസ്,* വേർഡ് ബിബ്ലിക്കൽ കമെന്ററി, വാല്യം. 42 (ഡള്ളാസ്: വേർഡ് ബുക്സ്, 1990), 234. [3]ഇബിഡ്., 94. [4]എതെൽബെർട്ട് ഡബ്ലിയു. ബല്ലിഞ്ചർ, *ഏ ക്രിട്ടിക്കൽ ലെക്സിക്കൻ ആന്റ് കൺകോർഡൻസ് ടു ദ ഇംഗ്ലീഷ് ആന്റ് ഗ്രീക്ക് ന്യു ടെസ്റ്റമെന്റ്* (ലണ്ടൻ: സാമുവേൽ ബാഗ്സ്റ്റർ ആന്റ് സൺസ്, എൻ. ഡി.; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, റീജെൻസി റെഫറൻസ് ലൈബ്രറി, 1975), 904. [5]ലിങ്കൺ, 235. [6]എസ്. ഡി. എഫ്. സാൽമണ്ട്, *"ദ എപ്പിസ്റ്റിൽസ് ടു ദ എഫെഷ്യൻസ്," ഇൻ ദ എക്സ്പൊസിറ്റേഴ്സ്ഗ്രീക്ക് ടെസ്റ്റമെന്റ്*, എഡി. ഡബ്ലിയു. റോബർട്ട്സൺ നിക്കോൾ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1967), 3:320. [7]ലിങ്കൺ, 236. [8]റിച്ചാർഡ് സി. ട്രെഞ്ച്, *സിനണിംസ് ഓഫ് ദ ന്യു ടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1953), 198. [9]ലിങ്കൺ, 236.